കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)59/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
Email: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 23.04.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ (ബിപി1)59/2020 തീയതി:23.04.2020

# തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.18 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-2019 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ.സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.2019 മുതൽ<br>21.12.2019 വരെ |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.സുനിൽ.പി.ബി<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|
| | ശ്രീമതി.വി.തങ്കമ്മ | 01.04.2018 മുതൽ 31.03.2019 വരെ |

| സെക്രട്ടറി | പേര് | കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| | ശ്രീ. വി.ശാന്താറാം | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി.തങ്കം വർഗ്ഗീസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.08.2018 മുതൽ 09.10.2018 വരെ |
| | ശ്രീമതി.ദിവ്യ കുഞ്ഞുണ്ണി | 10.10.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ജോയ് മുരിങ്ങത്തേരി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വിപിൻദാസ് | 01.04.2018 മുതൽ 30.12.2018 വരെ |
| | ശ്രീമതി.സൗമ്യ.എം.പി | 31.12.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മണികണ്ഠൻ.കെ | 01.04.2018 മുതൽ 05.09.2018 വരെ |
| | ശ്രീമതി.സിനി.ടി.ഡി | 06.09.2018 മുതൽ 31.03.2019 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.മിനി.കെ | 01.04.2018 മുതൽ 10.04.2018 വരെ |
| | ശ്രീമതി.വൃന്ദാ.കെ (I/C) | 11.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീ.ജോസഫ് ജോൺ (I/C) | 24.06.2018 മുതൽ 11.10.2018 വരെ |
| | ശ്രീമതി.ജ്യോതി.പി.ബിന്ദു | 12.10.2018 മുതൽ 31.03.2019 വരെ |
| വ്യവസായവികസന ഓഫീസർ | ശ്രീ.രാജു.പി.എ | 01.04.2018 മുതൽ 28.10.2018 വരെ. |
| | ശ്രീ.കുഞ്ഞുമോൻ.ജെ | 29.10.2018 മുതൽ 20.12.2018 വരെ |
| | ശ്രീമതി.പ്രിയമോൾ.കെ.പി | 21.12.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ഡോ.ജയന്തി.പി.നായർ | 01.04.2018 മുതൽ 18.07.2018 വരെ |
| | ശ്രീമതി.സരസ്വതി.കെ | 19.07.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.ധർമ്മൻ | 01.04.2018 മുതൽ 26.09.2018 വരെ |
| | ശ്രീമതി.ഷൈലജ ദേവി.എ.കെ | 27.09.2018 മുതൽ 01.11.2018 വരെ |
| | ശ്രീമതി.ശ്രീജ.വി (ഇൻചാർജ്ജ്) | 02.11.2018 മുതൽ 11.11.2018 വരെ |
| | ശ്രീ.സുരേഷ് കുമാർ.എ | 12.11.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി, തിരുവില്വാമല | ഡോ.വാസുദേവൻ | 01.04.2018 മുതൽ 31.07.2018 വരെ |

| | | |
|---|---|---|
| | ഡോ.പ്രമീളാറാണി.പി.എം | 01.08.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ & പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | വാടക വരവിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-10 |
| 11 | രശീതികളുടെ സ്റ്റോക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-11 |
| 12 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-12 |
| 13 | എസ്.സി.ഡി.ഒ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ – അപാകതകൾ | 1-13 |
| 14 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - കൈപ്പറ്റു രശീതി , വിനിയോഗ സാക്ഷ്യപത്രം -പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-14 |
| 15 | റോഡ് പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-15 |
| 16 | മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കുടിവെള്ളപ്രൊജക്ടുകൾ നടപ്പാക്കി | 1-16 |
| 17 | ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 18 | സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് 29 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വർക്ക് ഷെഡുകൾ നിഷ്ക്രിയ ആസ്തിയായി കിടക്കുന്നു | 1-18 |
| 19 | ഏറ്റവും കുറഞ്ഞ നിരക്കുള്ള ടെണ്ടർ സ്വീകരിച്ചില്ല | 1-19 |
| 20 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-പ്രവർത്തനം നിലച്ചമട്ടിൽ | 1-20 |
| 21 | ചക്ക സംഭരണ -സംസ്കരണ കേന്ദ്രം - സ്ഥാപിച്ച യന്ത്രങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നില്ല | 1-21 |
| 22 | ഐ.എ.വൈ. പദ്ധതിയുടെ അവലോകനം | 1-22 |

| | | |
|---|---|---|
| 23 | ലൈഫ് ഭവനപദ്ധതി - മുൻ ഭവന നിർമ്മാണ പദ്ധതികളിലെ പൂർത്തീയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം-ആനുപാതികവർദ്ധനവിനേക്കാൾ അധികമായി തുക അനുവദിച്ചു | 1-23 |
| 24 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും ഫണ്ട് വകയിരുത്തിയതിലും അപാകതകൾ | 1-24 |
| 25 | 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വനിത വ്യവസായ എസ്റ്റേറ്റ് പ്രവർത്തനക്ഷമമല്ല | 1-25 |
| 26 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു | 1-26 |
| ഭാഗം-2 | | |
| | ഇല്ല | |
| ഭാഗം-3 | | |
| | ഇല്ല | |
| ഭാഗം-4 | | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 4-1 |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപം | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 19.03.2018 തീയതിയിലെ 357/18/1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് – 807225100/-

പ്രതീക്ഷിത ചെലവ് - 806662578/-

2018-19 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് 23.02.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം പ്രതീക്ഷിത വരവ് 641782883/- രൂപയും പ്രതീക്ഷിത ചെലവ് 641177498/- രൂപയുമായി പുനക്രമീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 15.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 51377006 |
| വരവ് | 112874321 |
| ആകെ | 164251327 |
| ചെലവ് | 124868312 |
| നീക്കിയിരിപ്പ് | 39383015 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45560000 | 45560000 | 45560000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 23988053 | 23988053 | 23988053 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 388000 | 388000 | 388000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5398000 | 5398000 | 5398000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 92 | 827,76,575 | 86 | 7,58,59,607 | 6 | 0 | 93.48 |

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ സ്ഥാപനത്തിന് അന്നേ ദിവസം വരവില്ലെന്നും ക്യാഷ് ബാലൻസ് ഇല്ലെന്നും ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണ പ്രക്രിയയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടില്ല. മിനിട്സ് ബുക്ക് പ്രകാരം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളു. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ മോണിട്ടറിംഗ് റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയോ ചെയ്തിട്ടില്ല.

2. പ്രൊജക്ടുകളുടെ ഭൗതികലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തീകരണസാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്നില്ല.

3. ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുതകുന്ന ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2019 മുതൽ 26.09.2019 വരെ | 2018-19 | 07.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2015 മുതൽ 09.11.2015 വരെ | 2012-13 മുതൽ 2014-15 വരെ | 08.12.2015 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിക്കേണ്ട 'നോട്സ് ടു അക്കൗണ്ട്സ്' ഉൾപ്പെടുത്താതെയാണ് ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ))

2. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം "410800101-Other fixed asset" എന്ന ശീർഷകത്തിൽ 31/03/2019ൽ 28,49,685/- രൂപയുടെ ആസ്തികൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇവ ഏതെല്ലാം ആസ്തികളാണെന്ന് പരിശോധിക്കാവുന്ന രീതിയിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

4. ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ റോഡ് ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന അക്കൗണ്ട് ശീർഷകങ്ങളുടെ ലെഡ്ജർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | റോഡ് ആസ്തിയുടെ 01/04/2018-ലെ മൂല്യം | തൻവർഷം പണി കഴിച്ചത് | ബാലൻസ്ഷീറ്റ് പ്രകാരം 31/03/2019ലെ മൂല്യം | 2018-19ൽ റോഡിന് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയത് (Roads and Bridges) | ബാലൻസ് ഷീറ്റ് പ്രകാരം 31/03/2019 വരെയുള്ള Accumalated Depreciation (Roads and Bridges) |
|---|---|---|---|---|---|
| 410300102-Roads tarred | 44,21,100 | 41,11,297 | 85,32,397 | 14,49,066 (റോഡുകളുടെ മാത്രം തുക ലഭ്യമല്ല) | 56,66,830 (റോഡുകളുടെ മാത്രം തുക ലഭ്യമല്ല) |
| 410300103-Roads metal | 28,83,099 | -- | 28,83,099 | | |

സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളവയാണ്. ആയതിനാൽ ഇവ രേഖാമൂലം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ മുറക്ക് ബ്ലോക്ക പഞ്ചായത്തിന്റെ റവന്യ ചെലവായി രേഖപ്പെടുത്തണമായിരുന്നു. ആസ്തിയായി രേഖപ്പെടുത്തേണ്ടതില്ലാത്തതാകുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇവക്ക് തേയ്മാന ചെലവ് കണക്കാക്കി, ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവായി Depreciation രേഖപ്പെടുത്തേണ്ടതില്ലാത്തതുമാകുന്നു. സ്ഥാപനത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടും ബാലൻസ് ഷീറ്റും മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

i) ബാലൻസ് ഷീറ്റിൽ പരാമർശിച്ചിരിക്കുന്ന റോഡുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിൽ വരാത്ത എല്ലാ റോഡുകളുടെയും മൂല്യം 2019-20 സാമ്പത്തിക വർഷത്തിൽ "Roads metal, Roads tarred" എന്ന ശീർഷകത്തിലേക്ക് ക്രെഡിറ്റ് ചെയ്ത് ഒഴിവാക്കേണ്ടതാണ്. ഗ്രാന്റ് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന മേൽ റോഡുകളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്കും തനത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന റോഡുകളുടെ മൂല്യം "Prior period items...." എന്ന ശീർഷകത്തിലേക്കും ഓപ്പണിംഗ് ബാലൻസ് ഷീറ്റ്

തയ്യാറാക്കിയ സമയത്തി ഉൾക്കൊള്ളിച്ച റോഡുകളുടെ മൂല്യം "Panchayat fund" എന്ന ശീർഷകത്തിലേക്കും Debit ചെയ്യേണ്ടതാണ്. മേൽ പ്രകാരം അപാകത പരിഹരിക്കേണ്ടതാണ്.

ii) 31/03/2019 വരെ ഈയിനത്തിൽ റോഡുകളുടെ മൂല്യത്തിന്റെ ഡിപ്രീസിയേഷനായി കണക്കാക്കിയതും "Accumalated Depreciation" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നതുമായ തുക 2019-20 വർഷത്തിൽ ഈ ശീർഷകത്തിൽ Debitഉം "prior period items.." എന്ന ശീർഷകത്തിൽ Creditഉം നൽകി ഒഴിവാക്കി വാർഷിക കണക്ക് കൃത്യമാക്കേണ്ടതാണ്.

5. വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും, വാടകയ്ക്ക് നൽകുന്ന മുറികളെ സംബന്ധിച്ച് ചുരുക്കവിവരം തയ്യാറാക്കി വർഷാവസാനം സാക്ഷ്യപ്പെടുത്താത്തതിനാൽ വാടക സംബന്ധിച്ച വരവിന്റെ ആധികാരികത പരിശോധിക്കാനായില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളും (തൻവർഷം +കുടിശ്ശിക) വാർഷിക ധനകാര്യ പത്രികയിലെ വിവിധ പത്രികകളിലെ ബന്ധപ്പെട്ട രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രത്യേകം തയ്യാറാക്കുന്നില്ല.

5.1 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 2018-19 ധനകാര്യ പത്രിക (RP-43) പ്രകാരം ₹6000/- വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കിയതായി കാണുന്നു. വാർഷിക കണക്കും ഡി.സി.ബി. പത്രികയും പൊരുത്തപ്പെടുത്തേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 58(2)(g) പ്രകാരം നിർദ്ദേശിച്ച രീതിയിൽ, ലെഡ്ജറുകളും ഡി.സി.ബി. രജിസ്റ്ററും പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല. ആയതിനാലാണ് ഇപ്രകാരം വ്യത്യാസം ശ്രദ്ധയിൽപ്പെടാതെ പോയത്.

6. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന കുറിപ്പിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)). ആയതിനാൽ ഡിമാന്റ് ഉത്ഭവിക്കുന്ന മാസം തന്നെ വാടകയിനത്തിലുള്ള വരുമാനം ലഭിക്കാനുള്ള അക്രൂവൽ എൻട്രി കണക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 3 കെട്ടിടങ്ങളിൽ (വാടക രജിസ്റ്റർ പ്രകാരം) രണ്ടു കെട്ടിടങ്ങൾക്ക് 2018 സെപ്തംബർ മുതലും, ഒരു കെട്ടിടത്തിന്റെ വാടക 2019 ജനുവരി മുതൽക്കും വരുത്തിയ ഡിമാന്റ് വർദ്ധനവ് സാമ്പത്തിക വർഷാവസാനം 31/03/2019ൽ ഒറ്റ എൻട്രിയായി രേഖപ്പെടുത്തിയിരിക്കുന്നു. (വൗച്ചർ 41800037). ഇപ്രകാരം രേഖപ്പെടുത്തിയതിൽ തന്നെ വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തുമ്പോൾ ₹400/- വ്യത്യാസം കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase/decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1,19,93,991/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)1,43,02,719/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

8. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/03/19ൽ ബാക്കിയുള്ള തുക വ്യത്യസ്ത അക്കൗണ്ടുകളിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |
|---|---|---|

| | | | | ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200299 | Fund for Transferred Institutions - others-Capital | 15,91,876 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | | |
| 2 | 320200399 | Grants, Funds and Contributions for specific purposes other than Development funds and State Sponsored | 1,07,193 | | | |
| 3 | 320300199 | Grants, Funds and Contributions for specific purposes-other Government Agencies | 94,807 | | | |
| 4 | 320700203 | Contributions for Joint Venture Projects (for revenue expenditure) – from Village Panchayaths | 1,82,10,750 | | | |
| 5 | 320700205 | Contributions for Joint venture projects (for revenue expenditure) | 1,31,61,231 | | | |

| | | | | |
|---|---|---|---|---|
| | | – from District Panchayath | | |

8.1 താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4-ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | 31/03/2019-ലെ ബാക്കി തുക |
|---|---|---|---|
| 1 | 450410102 | SBI-SCA/SCP | 17,09,600 |
| 2 | 450410104 | PNB-IAY Plan | 1,77,29,421 |
| 3 | 450410105 | PNB-IAY Central and State Share | 82,698 |
| 4 | 450410106 | MP Fund | 70,000 |
| 5 | 450610101 | Canara Bank - LIFE | 5,77,835 |
| 6 | 450610102 | PNB- State share | 24,495 |
| 7 | 450610105 | Canara Bank- LIFE GP Share | 1,36,42,560 |

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സ്ഥാപനത്തിന്റെ ബാധ്യത ശീർഷകത്തിലുൾപ്പെടുത്തേണ്ടതിനാൽ ഇത് പരിശോധിച്ച് B-4 Grants and Contribution for specific purposes എന്ന ഷെഡ്യൂളിൽ ഉൾപ്പെടുത്തക്ക രീതിയിൽ അനുയോജ്യമായ ബാധ്യത ശീർഷകത്തിലുൾപ്പെടുത്തേണ്ടതാണ്. 2019-20 വർഷത്തിൽ ഈ തുക "Panchayath fund/prior period items"ലേക്ക് Debit നൽകി കൊണ്ടും അനുയോജ്യമായ ബാധ്യത ശീർഷകത്തിലേക്ക് Credit നല്കി കൊണ്ടും ഇവ B-4ൽ ഉൾപ്പെടുത്താവുന്നതാണ്.

9. 2017-18 വാർഷിക ധനകാര്യ പത്രികയിൽ B-12 ഷെഡ്യൂളിൽ Investment Equity Shares ആയി കാണിച്ച ₹5,99,870/-, 2018-19 സാമ്പത്തിക വർഷത്തിൽ (വൗച്ചർ നമ്പർ - 41800048) prior period item ആയി ചെലവെഴുതിയത് ആധികാരികമാക്കുന്ന നടപടിക്രമങ്ങൾ വൗച്ചറിനൊപ്പം ഇല്ലാത്തതിനാൽ ഈ ചെലവിന്റെ കൃത്യത പരിശോധിക്കാനായില്ല.

9.1 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകയും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകയും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18 | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280800601- Prior period – Revenue Grants and Contributions | 5,99,870 |

10. 31/03/2018-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2019-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 26/07/2011 തിയ്യതിയിലെ 152/2011/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾക്ക് വിരുദ്ധമാണ്.

11. ബാലൻസ് ഷീറ്റ് B-9 Other liabilities എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന "350300109-Government and other dues payable-Refund of unutilized grant of prior period" എന്ന ശീർഷകത്തിൽ 31/03/2019ൽ 1261/- രൂപ ബാക്കി ഉണ്ട്. ആയത് പ്രോജക്ട് 56/18-ൽ അധികം നൽകിയത് പണമായി തിരിച്ചടച്ചിട്ടുള്ളതാണ്. 12/04/2006 തിയ്യതിയിലെ സ.ഉ.177/06/ഫിൻ ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകത്തിൽ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

12. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 7,66,677 (B11(a) ഷെഡ്യൂൾ പ്രകാരം) രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/03/19 വരെ പാർട്ട് ബിൽ നൽകിയ പ്രോജക്ടുകളുടെ വിവരങ്ങൾ അടങ്ങിയ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

13. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരം 340100301-Contractors Retention എന്ന ശീർഷകത്തിൽ ₹50174/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

14. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം ₹33,74,551/- ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

# 1-10 വാടക വരവിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1) വാടക രജിസ്റ്ററിൽ മൂന്ന് മുറികളാണ് ചേർത്തിട്ടുള്ളത്. ഇവരുമായി കരാർ വച്ചിട്ടുണ്ടോ? ഇത് കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഏതെല്ലാം കെട്ടിടങ്ങളാണ് വാടകയ്ക്ക് നൽകുകയോ ഒഴിഞ്ഞ് കിടക്കുകയോ ചെയ്യുന്നത്, കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമം 256-ം വകുപ്പ് അനുസരിച്ച് ബൈലോ തയ്യാറാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ വാടക നിരക്ക്, വാടക വർദ്ധനവ് എന്നിവ സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.3/20.12.2019 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2) ഭരണസമിതി തീരുമാനം നം.1(12)/30.04.18 പ്രകാരം സർക്കാർ ഹൈസ്കൂൾ റോഡിൽ ബ്ലോക്ക് പഞ്ചായത്ത് പണിത് പൂർത്തിയാക്കിയ കെട്ടിടത്തിന് മുൻവശത്തുള്ള മുറി പ്രതിമാസം 300/- രൂപ വാടകയ്ക്ക് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരുമാനം നം 2(3)/09.11.18 പ്രകാരം പകൽ വീട്ടിൽ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ വനിതാ ജീവനക്കാർക്ക് ഹോസ്റ്റൽ ആയി വാടകയ്ക്ക് നൽകുന്നതിനും സിംഗിൾ റൂമിന് മാസവാടക 2,500/- രൂപ ഡബിൾ റൂമിന് ഒരാൾക്ക് 2,000/- രൂപ

നികുതിക്ക് പുറമെ ഈടാക്കുന്നതിന് തീരുമാനിക്കുകയും ചെയ്ത് കാണുന്നു. എന്നാൽ മേൽ പറഞ്ഞ ഇനങ്ങളിൽ വാടക വരവ് വന്നതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

3) ഓഡിറ്റോറിയം & ഹാൾ വാടക എന്ന ഇനത്തിൽ 94,450/- രൂപ വരവ് ഉള്ളതായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്ററിൽ അടവാക്കിയ തുക, രശീതി നം. എന്നീ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിൽ ഈടാക്കുന്ന വാടകയുടെ വിവരം, വാടക നിശ്ചയിച്ചിട്ടുള്ള ഭരണസമിതി തീരുമാനം/ബൈലോ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

മേൽ സൂചിപ്പിച്ച വിവരങ്ങളെ സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-11 രശീതികളുടെ സ്റ്റോക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സാംഖ്യ, മാനവൽ രശീതികളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. തന്മൂലം അവശേഷിക്കുന്ന മാനവൽ, സാംഖ്യ രശീതികളുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിനും നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ രശീതികളുടെ പരിശോധന നടത്തുന്നതിനും സാധിക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.10/23.12.2019 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-12 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്റ്റ് നം.17/18-19, നെൽകൃഷി വ്യാപനം (നെൽകൃഷി കൂലിച്ചെലവ് സബ്സിഡി).

പദ്ധതി അടങ്കൽ – 80,51,200/-

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21800470 | 28.09.18 | 15,36,460 |
| 2 | 21800882 | 21.02.19 | 2,21,571 |
| 3 | 21800756 | 22.12.18 | 2,62,086 |
| 4 | 21800872 | 21.02.19 | 2,21,570 |
| 5 | 21800339 | 29.08.18 | 15,00,000 |
| 6 | 21800754 | 21.12.18 | 4,75,517 |
| 7 | 21800755 | 21.12.18 | 7,30,598 |
| 8 | 21800768 | 14.01.19 | 21,28,536 |
| 9 | 21800881 | 21.02.19 | 4,08,059 |
| 10 | 21800261 | 30.07.18 | 5,66,803 |
| ആകെ | | | 80,51,200 |

ഈ പദ്ധതിക്കായി തിരുവില്വാമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 17,58,031/- രൂപയും (ട്രഷറി ബിൽ നം.4/18-19 തീ.26.09.18, ₹ 15,36,460/-, ട്രഷറി ബിൽ നം.11/18-19, ₹ 2,21,571/-)

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 4,83,656/- രൂപയും (ട്രഷറി ബിൽ നം.6/18-19, ₹ 2,62,086/-, ട്രഷറി ബിൽ നം.12/18-19, ₹ 2,21,570/-) പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 15,00,000/- രൂപയും (ട്രഷറി ബിൽ നം.3/18-19), പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 11,40,000/- രൂപയും (ട്രഷറി ബിൽ നം.9/18-19, ₹ 7,31,941/-, ട്രഷറി ബിൽ നം.13/18-19, ₹ 4,08,059/-) ചേലക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 26,02,710/- രൂപയും (ട്രഷറി ബിൽ നം.7/18-19, ₹ 4,75,517/-, ട്രഷറി ബിൽ നം.8/18-19, ₹ 7,30,598/-, ട്രഷറി ബിൽ നം.9/18-19, ₹ 13,96,595/-) ചേലക്കര കൃഷി ഓഫീസറുടെ പേരിൽ 5,66,803/- രൂപയും (ട്രഷറി ബിൽ നം.1/18-19) കൈമാറിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. തുക കൈമാറ്റം ചെയ്യപ്പെട്ടതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

2) ട്രഷറി ബിൽ നം.1/18-19 പ്രകാരം 5,66,803/- രൂപ ചേലക്കര ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3) പ്രൊജക്ട് നം. 18/18-19, പച്ചക്കറി കൃഷി വ്യാപനം (കൂലിച്ചെലവ് സബ്സിഡി)

പദ്ധതി അടങ്കൽ – 7,00,000/-

വൗച്ചർ നം. 21800326, തീ.30.07.18, തുക – 3,75,000/-

വൗച്ചർ നം. 21800527, തീ.30.10.18, തുക – 2,62,500/-

വൗച്ചർ നം. 21800769, തീ.14.01.19, തുക – 62,500/-

**ആകെ** – 7,00,000

ഈ പദ്ധതിക്കായി പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 6,37,500/- രൂപയും (ട്രഷറി ബിൽ നം.2/18-19, ₹3,75,000/-, ട്രഷറി ബിൽ നം.5/18-19, ₹2,62,500/-), പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് 62,500/- രൂപയും (ട്രഷറി ബിൽ നം.10/18-19) കൈമാറിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. തുക കൈമാറ്റം ചെയ്യപ്പെട്ടതിന്റെ യു.ടി.ആർ സ്റ്റേറ്റ്മെന്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങളെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.1/18.12.19 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 87,51,200/- (80,51,200+7,00,000) രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-13 എസ്.സി.ഡി.ഓ. നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - അപാകതകൾ

(1) 27/2019 പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി

പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുള്ളതാണ്.

| വൗച്ചർ നമ്പർ | തുക (₹) |
|---|---|
| 21800815/ 14-03-2019 | 5,00,000 |
| 21800478/16.10.18 | 2,10,000 |
| 21800752/13-12-2018 | 4,50,000 |
| | |

| | |
|---|---|
| 21800873/23-01-2019 | 11,00,000 |
| 21800905/19-03-2019 | 18,00,000 |
| 21800898/23.03.2019 | 3,00,000 |
| 21800526/30-10-18 | 8,40,000 |
| ആകെ | **52,00,000** |

ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ഗുണഭോക്താക്കളുടെ വിവരം

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | 4 | 5,50,000 |
| 2 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | 3 | 3,00,000 |
| 3 | ചേലക്കര ഗ്രാമപഞ്ചായത്ത് | 7 | 6,00,000 |
| 4 | കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 4 | 3,50,000 |
| 5 | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 20 | 13,50,000 |
| 6 | തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് | 34 | 20,50,000 |
| ആകെ | | 72 | 52,00,000 |

എസ്.സി.ഡി.ഒ നിർവ്വഹണോദ്യോഗസ്ഥനായ, പട്ടികജാതി പെൺകുട്ടികൾക്ക് പഠനമുറി പ്രോജക്ടിൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ₹52,00,000/- 2018-19 വർഷത്തിൽ വിതരണം ചെയ്തിട്ടുള്ളതാണ്, പദ്ധതി നിർവ്വഹണത്തിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഠനമുറി പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതിന്റെ UTR നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കില്ല. ആയതിനാൽ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

2. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ എല്ലാ അപേക്ഷയോടൊപ്പവും, ₹200/-ന്റെ മുദ്രപത്രം ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും ആയതിൽ യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ലാത്താതാണ്. മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തേണ്ടതും, കൃത്യമായി നമ്പരിട്ട്, എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

3. പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിലുള്ള ആറ് ഗ്രാമപഞ്ചായത്തിൽ നിന്നും യോഗ്യരായ ഗുണഭോക്താക്കളുടെ പട്ടിക ആവശ്യപ്പെട്ടിട്ടുള്ളതും, ഹാജരാക്കിയിട്ടുള്ളതുമാണ് എന്നാൽ ആയതിൽ നിന്നും മേൽ പട്ടികപ്പെടുത്തിയ പ്രകാരം 72 ഗുണഭോക്താക്കളെ എപ്രകാരം തെരഞ്ഞെടുത്തു എന്ന് കാണിക്കുന്ന രേഖകളോ, ഗുണഭോക്തൃ പട്ടിക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

മേൽ രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിൽ 2018-19 വർഷത്തിൽ ചെലവഴിച്ച ₹52,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) <u>129/2019 ചെറുതുരുത്തി, ചേലക്കര പ്രീമെട്രിക് ഹോസ്റ്റലിലേയ്ക്ക് ആവശ്യസാമഗ്രികൾ (എസ്.സി.പി. വികസനഫണ്ട്)</u>

| വൗച്ചർ നമ്പർ | തുക (₹) | പ്രൊഫോർമ ഇൻവോയ്സ് |
|---|---|---|

| | | |
|---|---|---|
| | | നം. |
| 21800895/23.03.19 | 6,24,366 | PI/MJI0980/<br>08-03-19 |
| 21800896/23.03.2019 | 7,68,514 | PI/MJI0981/<br>08-03-19 |
| ആകെ | 13,92,880 | |

എസ്.സി.ഡി.ഒ നിർവ്വഹണോദ്യോഗസ്ഥനായ, ചെറുതുരുത്തി, ചേലക്കര പ്രീമെട്രിക്ക് ഹോസ്റ്റലിലേയ്ക്ക് ആവശ്യസാമഗ്രികൾ എന്ന പ്രോജക്ടിൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ₹13,92,880/- SIDCOയിൽ (SIDCO Marketing Centre, Manjeri Industirlal Estate) നിന്നും വിവിധ വസ്തുക്കൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സാധന സാമഗ്രികൾ വാങ്ങിയതിന്റെ Tax Invoice, ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
2. സാധനസാമഗ്രികൾ സ്റ്റോക്കിലെടുത്തതിന്റെ രേഖപ്പെടുത്തലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

മേൽ രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിൽ 2018-19 വർഷത്തിൽ ചെലവഴിച്ച ₹13,92,880/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-14 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - കൈപ്പറ്റു രശീതി, വിനിയോഗ സാക്ഷ്യപത്രം - പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നം | കൈപ്പറ്റിയ സ്ഥാപനം | | ആകെ പ്രോജക്ട് തുക (₹) |
|---|---|---|---|---|---|
| | | | 40പേര് | തുക (₹) | |
| 1 | 04/2019 ആശ്രയ ബ്ലോക്ക് വിഹിതം | 21800331/ 14-08-2018 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | 1,00,000 | 6,00,000 |
| | | | വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് | 1,00,000 | |
| | | | ചേലക്കര ഗ്രാമപഞ്ചായത്ത് | 1,00,000 | |
| | | | കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 1,00,000 | |
| | | | പഴയന്നൂർ | 1,00,000 | |

| | | | | | |
|---|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | | |
| | | | തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് | 1,00,000 | |
| 2 | 59/2019 വെളുത്തേടത്ത് പടി കനാൽ പാലം സംയുക്തം | 21800468/ 18-09-2018 | വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് | 6,00,000 | 6,00,000 |
| 3 | 25/2019 ലൈഫ് ഭവന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്കുള്ള ബ്ലോക്ക് വിഹിതം (പൊതുവിഭാഗം സാധാരണ വിഹിതം) | 21800518/ 25-10-18 | ചേലക്കര ഗ്രാമപഞ്ചായത്ത് | 5,57,199 | 57,90,003 |
| | | 21800538/ 23-11-2018 | പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് | 1,55,924 | |
| | | | വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് | 4,05,861 | |
| | | | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 6,23,696 | |
| | | | തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് | 4,48,138 | |
| | | 21800749/ 13-12-18 | പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് | 2,08,692 | |
| | | | വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത് | 4,40,946 | |
| | | | ചേലക്കര ഗ്രാമപഞ്ചായത്ത് | 7,77,546 | |
| | | | കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 8,05,239 | |
| | | | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 7,91,176 | |
| | | | തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് | 5,75,586 | |
| 4 | 127/2019 ലൈഫ് ഭവന പദ്ധതി (എസ്.സി.പി. സാധാരണ വിഹിതം) | 21800750/ 13-12-18 | ചേലക്കര ഗ്രാമ പഞ്ചായത്ത് | 8,97,053 | 58,49,948 |
| | | | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | 25,81,083 | |
| | | | തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത് | 23,71,812 | |
| ആകെ | | | | | **1,28,39,951** |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പട്ടികപ്പെടുത്തിയ പ്രോജക്ടുകളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടിൽ 2018-19 വർഷത്തിൽ ചെലവഴിച്ച **₹1,28,39,951/-** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-15 റോഡ് പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.13(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം.

2. പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം റോഡ് റീടാറിംഗ്, മെറ്റലിംഗ്, ടാറിംഗ്, കാന നിർമ്മാണം എന്നീ ഇനങ്ങളിലായി 23 പ്രൊജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ട്. പ്രൊജക്റ്റ് ഫോറങ്ങളിൽ ഒന്നിലും മേൽ റോഡുകളുടെ യുണീക് ഐ.ഡി.നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളിലെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/21.12.2019 ന് മറുപടി ലഭ്യമാക്കിയില്ല.

മേൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# 1-16 മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കുടിവെള്ളപ്രൊജക്ടുകൾ നടപ്പാക്കി

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4 -ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ളപദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.1(ബി)(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല മാർഗ്ഗരേഖയിലെ ഖണ്ഡിക 7(ബി) (6) പ്രകാരം കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് 10 കുടിവെള്ളപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അവയിൽ താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രവർത്തനക്ഷമമായോ എന്നത് വ്യക്തമല്ല.

| ക്രമ നം. | പ്രൊജക്റ്റ് നം/പേര് | അടങ്കൽ₹ | ട.ബി.നം/ തിയതി | തുക₹ |
|---|---|---|---|---|
| 1. | 116/19, നെടുങ്ങാട്ടുപടി കോളനി കുടിവെള്ളപദ്ധതി | 490000 | 56/29.3.19<br>58/25.3.19 | 326340<br>90675 |
| 2. | 57/19,കൈതക്കോട് കുടിവെള്ളപദ്ധതി | 561000 | 48/29.3.19<br>52/25.3.19 | 450528<br>90675 |
| 3. | 92/19,പ്ലാശ്ശേരിപടി കോളനി കുടിവെള്ളപദ്ധതി | 381526 | 15/13.3.19 | 381526 |
| 4. | 124/19,പന്നിയടി കോളനി | 595000 | 40/27.3.19 | 443002 |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപദ്ധതി | | 46/29.3.19 | 136013 |
| 5. | 123/19,നമ്പുള്ളി കോളനി കുടിവെള്ളപദ്ധതി | 490000 | 61/29.3.19<br>60/29.3.19 | 352307<br>136013 |
| 6. | 119/19,പടിഞ്ഞാറെ കൊണവൂർ പടി കുടിവെള്ളപദ്ധതി | 1200000 | 59/25.3.19 | 136013 |
| 7. | 139/19,പ്ലാശ്ശേരിപടി കോളനി കുടിവെള്ളപദ്ധതിപൂർത്തീകരണം | 363208 | 49/29.3.19 | 363208 |
| 8. | 122/19,വല്ലങ്ങിപ്പാറ കുടിവെള്ളപദ്ധതിപൂർത്തീകരണം | 48000 | 27/21.3.19 | 48000 |
| 9. | 115/19,നമ്പത്തൊടി കുടിവെള്ളപദ്ധതിപൂർത്തീകരണം | 54258 | 14/5.2.19 | 54258 |

ഒരു പ്രൊജക്ടിലും സർക്കാർ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച രീതിയിൽ ഗ്രാമപഞ്ചായത്തിന്റെ സമ്മതം വാങ്ങിയിട്ടില്ല. കുടിവെള്ളപദ്ധതികൾ പൂർത്തിയാക്കിയതിന്റേയും വൈദ്യുതി കണക്ഷൻ ലഭ്യമായതിന്റേയും ഗുണഭോക്തൃസമിതികൾക്ക് കൈമാറിയതിന്റേയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/21.2.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിനോടനുബന്ധിച്ച് 21.12.19 ന് നടത്തിയ സ്ഥലപരിശോധനയിൽ കൈതക്കോട് കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ബന്ധം ലഭിച്ചിട്ടില്ലാത്തതായും മോട്ടോർ പമ്പ് സ്ഥാപിച്ച സ്ഥലം കാട്ടുമൂടി കിടക്കുന്നതായും കാണപ്പെട്ടു. ഈ സാഹചര്യത്തിൽ തൻവർഷം നടപ്പാക്കിയ കുടിവെള്ള പ്രൊജക്ടുകളെല്ലാം പ്രവർത്തനക്ഷമ മാക്കിയതിന്റെയും ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-17 ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

പ്രൊജക്ട്നം/പേര്: 21/19,പഴയന്നൂർ ഗ്രാമീണവായനശാല വിപുലീകരണം

ചെലവഴിച്ച തുക : ട.ബി.നം.12/31.12.2018:₹459110

ഫണ്ടിനം : വികസനഫണ്ട്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.6(12) പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണീച്ചർ, കെട്ടിടം എന്നിവ ഉൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ പ്രൊജക്ടിൽ പഴയന്നൂർ ഗ്രാമീണവായനശാലക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/21.12.2019 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രൊജക്ടുകൾ നടപ്പാക്കിയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-18 സർക്കാർ നിർദ്ദേശങ്ങൾ മറികടന്ന് 29 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വർക്ക് ഷെഡുകൾ നിഷ്ക്രിയ ആസ്തിയായി കിടക്കുന്നു

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ 29.01.2018ലെ സ.ഉ.(കൈ) നം.11/2018/ തസ്വഭവ,യിലെ ഖണ്ഡിക 3.5.6(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രൊജക്ടുകളേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരണപ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വ്യവസ്ഥ ബാധകമല്ല.

സ.ഉ.(പി)524/15/ധന,തിയതി 17.11.2015 പ്രകാരം എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യേണ്ടതാണ്.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തൻവർഷം പട്ടികജാതി വികസനഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്ത താഴെ പറയുന്ന പ്രൊജക്ടുകൾ മേൽ സർക്കാർ നിബന്ധനകൾ മറികടന്നാണ് നടപ്പാക്കിയിരിക്കുന്നത്. പ്രൊജക്ടുകൾ എല്ലാം തന്നെ സാധാരണ ടെണ്ടർ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അടങ്കൽ അഞ്ച് ലക്ഷം രൂപയും(ക്രമ നം.6 ഒഴികെ) എസ്ററിമേറ്റ് തുക അഞ്ച് ലക്ഷത്തിൽ താഴെയുമാണ്. അടങ്കൽ തുക 5 ലക്ഷം രൂപയാക്കി നിശ്ചയിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പ്രൊജക്ടായി ഉൾപ്പെടുത്തുകയും എസ്റ്റിമേറ്റ് തുക 5 ലക്ഷത്തിന് തൊട്ടു താഴെയായി നിശ്ചയിച്ചുകൊണ്ട് ഇ-ടെണ്ടർ ഒഴിവാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | പ്രൊജക്ട് നം/പേര് | അടങ്കൽ₹/ഫണ്ട് | എസ്റ്റിമേറ്റ് തുക/ സാങ്കേതികാനുമതി തുക₹ | ചെലവഴിച്ച തുക₹ |
|---|---|---|---|---|
| 1. | 141/19,പട്ടികജാതി വനിത വർക്ക്ഷെഡ് പൂർത്തീകരണം(പാഞ്ഞാൾ) | 500000/ വികസനഫണ്ട് എസ്.സി.പി. | 499990 | ട.ബി.നം. 54/29.3.19; 497914 |
| 2. | 130/19, പട്ടികജാതി വനിത സ്വയം പരിശീലനകേന്ദ്രം ഷീറ്റ് നവീകരിക്കൽ | 500000/ വികസനഫണ്ട് എസ്.സി.പി. | 499000 | ട.ബി.നം. 50/29.3.19; 498998 |
| 3. | 133/19,പട്ടികജാതി വനിതകൾക്ക് സ്വയം പരിശീലനകേന്ദ്രം വർക്ക് ഷെഡ് നിർമ്മാണം | 500000/ വികസനഫണ്ട് എസ്.സി.പി.&തനത് ഫണ്ട് | 497000 | ട.ബി.നം. 45/27.3.19; 497000 |
| 4. | 131/19,ജൈവവള സമ്പുഷ്ടീകരണ യൂണിറ്റ് വർക്ക് ഷെഡ് | 500000/ വികസനഫണ്ട് എസ്.സി.പി. | 497000 | ട.ബി.നം. 39/27.3.19; 497000 |
| 5. | 132/19,കയർ കോംപ്ലക്സിന് വർക്ക് ഷെഡ് നിർമ്മാണം | 500000/ വികസനഫണ്ട് എസ്.സി.പി. | 497000 | ട.ബി.നം. 41/27.3.19; 497000 |
| 6. | 128/19, വനിത വ്യവസായ കേന്ദ്രത്തിൽ എസ്.സി. വനിതകൾക്ക് വർക്ക് ഷെഡ് നിർമ്മാണം | 435000/ വികസനഫണ്ട് എസ്.സി.പി. | 435000 | ട.ബി.നം. 43/27.3.19; 434916 |
| ആകെ | | | | 2922828 |

പട്ടികജാതി വികസനം,പ്രാദേശിക സാമ്പത്തിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ ഇത്തരം പ്രൊജക്റ്റ് നിർദ്ദേശങ്ങൾ ഉയർന്ന് വന്നതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതു ഘട്ടത്തിലാണ് ഈ പ്രൊജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമല്ല. പട്ടികജാതിയിൽപ്പെട്ട വനിതകളുടെ സ്വയം തൊഴിൽ സംരംഭ ഗ്രൂപ്പുകൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നിലവിലുള്ളതിന്റേയോ അവരുടെ അപേക്ഷ ലഭിച്ചതിന്റേയോ പ്രസ്തുത സംരംഭങ്ങൾക്ക് ഇത്തരം വർക്ക് ഷെഡിന്റെ ആവശ്യകതയുണ്ടെന്ന് നിർണ്ണയിച്ചതിന്റേയോ രേഖകൾ ലഭ്യമല്ല. ക്രമ നം.2,6 എന്നിവ ഒഴികെയുള്ള എല്ലാ വർക്ക് ഷെഡുകളും ഒരേ അളവിലും ഒരേ രീതിയിലുമാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

ഓഡിറ്റിനോടനുബന്ധിച്ച് 21.12.19 ന് നടത്തിയ സ്ഥലപരിശോധനയിൽ വനിത വ്യവസായ കേന്ദ്രത്തിൽ എസ്.സി. വനിതകൾക്ക് നിർമ്മിച്ച വർക്ക് ഷെഡ്, പട്ടികജാതി വനിതകൾക്ക് സ്വയം പരിശീലനകേന്ദ്രം വർക്ക് ഷെഡ്(പാഞ്ഞാൾ), ജൈവവള സമ്പുഷ്ടീകരണ യൂണിറ്റ് വർക്ക് ഷെഡ്, കയർ കോംപ്ലക്സിന് നിർമ്മിച്ച വർക്ക് ഷെഡ് എന്നിവയെല്ലാം തന്നെ യാതൊരു പ്രവർത്തനവും ഇല്ലാതെ വെറുതെ കിടക്കുന്നതാണ് കണ്ടത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ,യിലെ ഖണ്ഡിക 6.1(13) പ്രകാരം പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യവും വീടുകളിൽ കക്കൂസ് സൗകര്യവും ലഭ്യമാക്കുന്നതിനുള്ള പ്രൊജക്റ്റുകൾക്കാണ് മുൻഗണന നൽകേണ്ടത്. അവ ഏറ്റെടുത്തതിന് ശേഷം മാത്രമേ പട്ടികജാതി ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തി കൊണ്ടുള്ള മറ്റ് പ്രൊജക്റ്റുകൾ (അനിവാര്യ പ്രൊജക്റ്റുകൾ ഒഴികെ) ഏറ്റെടുക്കാവൂ. എന്നാൽ ഇത്തരത്തിൽ മുൻഗണന പാലിച്ചിട്ടുണ്ടോ എന്നതും വ്യക്തമല്ല.

വർക്ക് ഷെഡുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്തതിലെ അപാകതകൾ മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ വർക്ക് ഷെഡുകൾ പ്രവർത്തനക്ഷമമാക്കാത്ത പക്ഷം 29 ലക്ഷത്തോളം രൂപ പാഴായി പോകുന്നതിന്റെ ഉത്തരവാദിത്തം ഭരണസമിതിക്കാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്.

# 1-19 ഏറ്റവും കുറഞ്ഞ നിരക്കുള്ള ടെണ്ടർ സ്വീകരിച്ചില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ 'Item rate contract' അടിസ്ഥാനത്തിൽ ഇ ടെണ്ടർ മുഖേനയാണ് കരാറുകാരനെ തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കുന്നതിന് പകരം കൂടിയ നിരക്കുള്ള ടെണ്ടറാണ് സ്വീകരിച്ചിരിക്കുന്നത്.

| ക്രമ നം. | പ്രൊജക്റ്റ് നം/ പേര്/അടങ്കൽ₹ | ചെലവഴിച്ച തുക₹ | ഏറ്റവും കുറവ് രേഖപ്പെടുത്തിയ തുക/ കരാറുകാരൻ | തെരഞ്ഞെടുത്ത കരാർ തുക/ കരാറുകാരൻ |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ | | | | |
| 1. | 72/19, മീറ്റിങ്ങ് ഹാൾ പൂർത്തീകരണം/ ₹1000000 | ട്ര.ബി.നം. 3/31.7.19;797283 | ₹713180/- മുഹമ്മദ് ബഷീർ.കെ.എ. | ₹798487/- കെ.എം. അബ്ബാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | | | |
| 2. | 76/19, വനിത | ട്ര.ബി.നം. | ₹2211356/- | ₹2613318/- |

| | | | | |
|---|---|---|---|---|
| | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് / ₹3247700 | 1/31.8.18;1139075/- | എം.എ. മുഹമ്മദ് | കെ.എം. അബ്ബാസ് |

മീറ്റിങ്ങ് ഹാൾ പൂർത്തീകരണം എന്ന പ്രവൃത്തിയിൽ രണ്ട് കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മാണ പ്രവൃത്തിയിൽ 5 കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു. കരാറിൽ ഏർപ്പെട്ട കെ.എം.അബ്ബാസിനേക്കാൾ താഴെ നിരക്കിൽ ശ്രീ.വാസുദേവൻ (₹2259018), ശ്രീ.രതീഷ് (₹2449991) എന്നിവരും ടെണ്ടർ സമർപ്പിച്ചിരുന്നു. മൂന്ന് കരാറുകാരെ മറികടന്നാണ് ഉയർന്ന നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ.കെ.എം.അബ്ബാസിന് കരാർ നൽകിയിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ നിരസിക്കാനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനവും ലഭ്യമായില്ല.

താഴ്ന്ന നിരക്കിലുള്ള ടെണ്ടർ നിരസിച്ച് ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാനുണ്ടായ കാരണം അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/23.12.2019)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ ഈ പ്രവൃത്തികൾക്കായി തൻവർഷം ചെലവഴിച്ച 1936358/- രൂപ (797283+1139075) തടസ്സപ്പെടുത്തുന്നു.

# 1-20 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-പ്രവർത്തനം നിലച്ചമട്ടിൽ

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സംബന്ധിച്ച് വിശദമായ പരാമർശം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:3-1-ൽ ഉള്ളതാണ്. പ്രസ്തുത പദ്ധതിക്കായി 2017-18 വരെയുള്ള ചെലവ് താഴെ ചേർക്കുന്നു.

| 2016-17 | | |
|---|---|---|
| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ചെലവ് തുക |
| 112/17 | മാലിന്യ ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം | 1265000 |
| 2017-18 | | |
| 5/18 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പൂർത്തീകരണം | 1197000 |
| 7/18 | ബ്ലോക്ക് തല ശുചിത്വസേന | 657995 |
| 56/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ -സ്ഥലം വാങ്ങൽ | 2751800 |
| | ആകെ | 58,71,795 |

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 22/2019, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനങ്ങളുടെ പൂർത്തീകരണം (വികസന | 14,80,128 | 14,80,128 |

| | | | |
|---|---|---|---|
| | ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം) | | |
| 2 | 82/2019, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥലമെട്ടപ്പ് പൂർത്തീകരണം (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം) | 4,64,672 | 4,64,672 |
| | ആകെ | 19,44,800 | 19,44,800 |

2018-19 വർഷത്തിൽ, 22/2019, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനങ്ങളുടെ പൂർത്തീകരണം എന്ന പ്രോജക്ടിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം | തുക | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 21800246/14-06-18 | 9,97,100 | ജനറേറ്റർ വാങ്ങിയത് |
| 2 | 21800766/29-12-18 | 3,00,000 | യന്ത്രങ്ങളുടെ AMCയായി YONG Enterprises, Pandikkad, Malappurm -ത്തിന് നല്കിയ തുക |
| 3 | 21800528/12-11-18 | 1,06,660 | വൈദ്യുത കണക്ഷന് KSEBയിൽ ഒടുക്കിയത് |
| 4 | 21800753/19-12-18 | 19,258 | -do- |
| 5 | 21800794/20-02-19 | 28,232 | -do- |
| 6 | 21800814/13-03-19 | 19,800 | തൊഴിലാളി വേതനം |
| 7 | 21800891/22-03-19 | 9,078 | *തൊഴിലാളി വേതനം & ഇന്ധന ചെലവ് |
| | ആകെ | 14,80,128 | |

*തൊഴിലാളി വേതനം=4,768 & ഇന്ധനം=4310

<u>ഓഡിറ്റ് നിരീക്ഷണം</u>

**<u>1. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി ജനറേറ്റർ:-</u>** ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് 2016-17ൽ തുടങ്ങിയതും, പ്രോജക്ടിനായി 2018-19 വർഷം വരെ ₹87,53,280/- ചെലവഴിച്ചിട്ടുള്ളതുമാണ് (വിശദാംശം:ഓ.റി:2017-18 ഖ:3-1). 2018-19 വർഷത്തിൽ മേൽ പട്ടികപ്പെടുത്തിയതുപോല, **₹9,97,100/-** ചെലവഴിച്ച് ഒരു ഡീസൽ ജനറേറ്റർ സെറ്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് ലിമിറ്റഡ്, മേട്ടുപാളയം സ്ട്രീറ്റ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. 2018-19 വർഷത്തിൽ വൈദ്യുത കൺക്ഷനായി ₹1,54,150/- KSEB യിൽ ഒടുക്കിയിട്ടുള്ളതുമാണ്. 2018-19 വർഷത്തിന്റെ അവസാന പാദത്തിൽ വൈദ്യുത കണക്ഷൻ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിൽ ലഭ്യമായതായി, സെക്രട്ടറി 29-05-2019ന് സമർപ്പിച്ച 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളതുമാണ്. 2018-19 ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധനയ്ക്ക് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സന്ദർശിച്ചപ്പോൾ ഡീസൽ ജനറേറ്റർ പ്രവർത്തിപ്പിക്കാതെ ഇരിക്കുന്നതായാണ് കണ്ടത്. 2018-19 വർഷം തന്നെ വൈദ്യുത കൺക്ഷൻ ലഭിക്കുന്നതിനുള്ള സാധ്യത ഉണ്ടായിരുന്ന സാഹചര്യത്തിൽ, **₹9,97,100/-** ചെലവഴിച്ച്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി ഡീസൽ

ജനറേറ്റർ വാങ്ങി സ്ഥാപിച്ചത് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. 23-12-2019 ലെ 6-ാം നമ്പർ എൻക്വയറി മുഖേനെ ജനറേറ്ററിന്റെ ലോഗ് ബുക്ക് ഹാജരാക്കാനായി ആവശ്യപ്പെട്ടെങ്കിലും, ഹാജരാക്കിയിട്ടില്ലാത്തതാണ്. ജനറേറ്ററിന്റെ ഉപയോഗത്തിനായി 02-02-2019ന് 35.74 ലിറ്ററും, 23-02-2019ന് 25.73 ലിറ്ററും ഡീസൽ വാങ്ങിയതിന്റെ ബില്ലുകൾ ഫയൽ പരിശോധിച്ചതിൽ കണ്ടു. ആയതിൽ നിന്നും ഡീസൽ ജനറേറ്ററിന്റെ പ്രവർത്തനം 2019 ഫെബ്രുവരിയിൽ മാത്രമാണ് തുടങ്ങിയിരിക്കുന്നതെന്ന് അനുമാനിക്കാവുന്നതാണ്. അതേകാലയളവിൽ തന്നെ വൈദ്യുത കണക്ഷനും ലഭ്യമായതായി, മേൽ പരാമർശിച്ച സെക്രട്ടറിയുടെ മറുപടിയിൽ നിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി, പദ്ധതിപണത്തിൽ നിന്നും വൻ തുക വിനിയോഗിച്ച് ജനറേറ്റർ വാങ്ങി സ്ഥാപിച്ച് നിഷ്ക്രിയാസ്തിയാക്കി മാറ്റിയ നടപടി പൊതുപണത്തിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>**2. ഫലവത്താവാത്ത ശുചിത്വസേന പ്രവർത്തനം**</u>:-2017-18 ലെ 7/2018 ബ്ലോക്ക് തല ശുചിത്വ സേന എന്ന പ്രോജക്ട്, ബ്ലോക്ക് പഞ്ചായത്തിലെ 108 ഗ്രാമ പഞ്ചായത്ത് വാർഡിൽ നിന്നും തെരഞ്ഞെടുത്ത മൂന്ന് എസ്.സി വനിതകളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ ശുചിത്വ പരിപാടികൾ നടത്തുന്നതിനും, ശേഖരിച്ച മാലിന്യങ്ങളിൽ പുനരുപയോഗിക്കാനാവാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഷ്രെഡിംഗ് യൂണിറ്റിൽ എത്തിച്ച്, വേർത്തിരിച്ച് പൊടിച്ച് റോഡ് ടാറിംഗിനടക്കം ഉപയോഗപ്പെടുത്തുന്നതിനായാണ് വിഭാവനം ചെയ്തിരുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിൽ രൂപവൽകരിച്ച ശുചിത്വസേന വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക്, പ്ലാസ്റ്റിക് ഷ്രെഡിംഗിനായി ലഭ്യമാക്കിയതിന്റെ ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള വിവരം പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് 20-12-2019ന് ഓഡിറ്റ് എൻക്വയറി നം.6 മുഖേനെ ആവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു മറുപടിയും ലഭ്യമാക്കുകയുണ്ടായില്ല. 21-12-2019ന് 2018-19 ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധനയ്ക്ക് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സന്ദർശിച്ചപ്പോൾ, രണ്ട് കുടുംബശ്രീ പ്രവർത്തകർ പ്ലാസ്റ്റിക് കവറുകൾ വേർതിരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനായി നിർമ്മിച്ച ഷെഡിൽ കുറച്ച് ചാക്കുകൾ കെട്ടിവെച്ചിരിക്കുന്നതായും, അന്വേഷിച്ചപ്പോൾ ഷ്രെഡിംഗിനായി എത്തിച്ച പ്ലാസ്റ്റിക്കുകളാണെന്ന് അവർ അറിയിച്ചു. നാളിതുവരെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നുമാത്രമേ പ്ലാസ്റ്റിക് മാലിന്യങ്ങൾ എത്തിക്കുന്നുള്ളൂ എന്നും അറിയിച്ചു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷിൻ, ബെയിലിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിജ്ഞാനം അവർക്കില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നാണ് അറിയിച്ചത്. ബ്ലോക്ക് പഞ്ചായത്തിലെ ബാക്കി അഞ്ച് ഗ്രാമപഞ്ചായത്തുകളിലും, ശുചിത്വസേന പ്രവർത്തനം ഫലവത്തായി നടക്കുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മേൽ പരാമർശിച്ച പ്രോജക്ടിൽ വാങ്ങി വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സുരക്ഷിതമല്ലാതെ സൂക്ഷിച്ചിരിക്കുന്ന അർബാനകളെ കുറിച്ചുള്ള വിശദാംശം: ഓ.റി:2017-18 ഖ:3-1-ൽ പരാമർശിച്ചിട്ടുള്ളതാണ്. ആയതിൽ വള്ളത്തോൾ നഗർ പഞ്ചായത്തിനൊഴികെയുള്ള ബാക്കി എല്ലാം വിതരണം ചെയ്തതായും, വിതരണം ചെയ്യാത്ത അർബാനകൾ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കെട്ടിടത്തിലേയ്ക്ക് മാറ്റിയതായും സെക്രട്ടറി 29-05-2019ന് നല്കിയ മേൽ പരാമർശിച്ച കത്തിൽ പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും പതിനഞ്ചിലധികം വരുന്ന അർബാനകൾ യാതൊരു സുരക്ഷിതത്ത്വവുമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് പുറകുവശത്ത് വെച്ചിരിക്കുന്നതായി ഓഡിറ്റ് സമയത്ത് കാണുകയുണ്ടായി. പദ്ധതിയുടെ പ്രവർത്തനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അനുമതിലഭ്യമായതു സംബന്ധിച്ചുള്ള യാതൊരു വിവരവും പ്രോജക്ട് ഫയലിൽ കാണുകയുണ്ടായില്ല.

ബ്ലോക്ക് പഞ്ചായത്തും, അതിലുൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുമായി യാതൊരു ഏകോപനവും, കൂടിയാലോചനകളും കൂടാതെയും, വേണ്ടത്ര മുൻ ധാരണയും, പാഠനവും കൂടാതെയാണ് 87

ലക്ഷത്തിലധികം രൂപയോളം ചെലവഴിച്ച പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവും നടത്തിയിരിയിക്കുന്നതെന്ന് വ്യക്തമാണ്. അത്തരത്തിലൊരു കൂടിയാലോചന നടന്നിരുന്നെങ്കിൽ, നിലവിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുള്ള വള്ളത്തോൾ നഗർ പഞ്ചായത്തിനും, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിരുന്ന കൊണ്ടാഴി പഞ്ചായത്തിനുമായി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങിക്കുന്ന പ്രവർത്തനം നടത്തുകയില്ലായിരുന്നു. പഴയന്നൂർ ഗ്രാമപഞ്ചായത്തൊഴികെയുള്ള ബാക്കി അഞ്ച് പഞ്ചായത്തിലും ശുചിത്വ സേനയുടെ രൂപികരണത്തിനും പ്രവർത്തനത്തിനും നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ, പദ്ധതി പ്രവർത്തനം തുടങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും ചേലക്കര, പാഞ്ഞാൾ, കൊണ്ടാഴി, തിരുവില്ല്വാമല, വള്ളത്തോൾ നഗർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വേണ്ടത്ര പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിലും, ഷ്രെഡിംഗിനായി എത്തിക്കുന്നതിലും പരാജയപ്പെട്ട സ്ഥിതി സംജാതമാകില്ലായിരുന്നു.

നിലവിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ഏകദേശം നിലച്ച മട്ടിലോ അല്ലെങ്കിൽ ആയതിന്റെ പ്രവർത്തനം ആകെ സ്ഥാപിത ശേഷിയുടെ നാമമാത്രമായ ഭാഗം മാത്രമായോ ആണെന്ന അവസ്ഥയിലാണ്. പ്രവർത്തിക്കാത്ത സ്ഥാപനത്തിന്റെ വാർഷിക പരിപാലനത്തിനായി മൂന്ന് ലക്ഷം രൂപ 2018-19 വർഷത്തിൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ചെലവഴിച്ചിട്ടുള്ളതാണ്. ലക്ഷങ്ങൾ ചെലവഴിച്ച ഈ പദ്ധതി പ്രയോജന പ്രദമാകണമെങ്കിൽ നിലവിൽ പ്ലാസ്റ്റിക് മാലിന്യം ലഭ്യമാക്കുന്ന പഴയന്നൂർ ഗ്രാമപഞ്ചായത്തിനെ കൂടാതെ ചേലക്കര, പാഞ്ഞാൾ, തിരുവില്ല്വാമല (വള്ളത്തോൾ നഗർ, കൊണ്ടാഴി പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രോജക്ട് ഉള്ളതാണ്) എന്നീ പഞ്ചായത്തുകളിലെ ശുചിത്വ സേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതും, അവിടങ്ങളിൽ നിന്നും ഷ്രെഡിംഗിനാവശ്യമായ പ്ലാസ്റ്റിക് ലഭ്യമാക്കേണ്ടതുമാണ്. ആയതിനുള്ള ഊർജ്ജിതമായ ശ്രമം ബ്ലോക്ക് പഞ്ചായത്ത് അധികാരികളുടെയും, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികാരികളുടെയും പക്ഷത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഇപ്രകാരം ഷ്രെഡിംഗ് നടത്തിയ പ്ലാസ്റ്റിക് മാലിന്യം റോഡ്പണിയുൾപ്പെടെയുള്ള ആസ്തിനിർമ്മാണത്തിന് പ്രയോജനപ്പെടുത്തുക വഴി, മാനവശേഷി ഇന്ന് അഭിമുഖികരിക്കുന്ന പ്ലാസ്റ്റിക് മാലിന്യവിപത്തിൽ നിന്നും പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഭാവിതലമുറയെ പരിരക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും വേണ്ടുന്ന അടിയന്തിര നടപടികൾ ബ്ലോക്ക് അധികാരികളുടെ പക്ഷത്തുനിന്നും ഉണ്ടാവേണ്ടതാണ്.

# 1-21 ചക്ക സംഭരണ -സംസ്ക്കരണ കേന്ദ്രം - സ്ഥാപിച്ച യന്ത്രങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.1/2019 ചക്ക സംഭരണ -സംസ്കരണ കേന്ദ്രം പൂർത്തീകരണം (സുഫലം) എന്നതിനായി 2018-19 വർഷത്തിൽ ₹9,33,955/- വികസന ഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ചെലവഴിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം | തുക | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 21800808/06-03-19 | 2,41,955 | ചക്ക സംഭരണ -സംസ്കരണ കേന്ദ്രത്തിനായി പാത്രങ്ങളും ഉപകരണങ്ങളും |

| | | | |
|---|---|---|---|
| 2 | 21800831/15-03-19 | 4,92,000 | സംഭരണ ഷെഡിന്റെ നിർമ്മാണം |
| 3 | 21800897/23.03.19 | 2,00,000 | ബാക്ക് എൻഡ് സബ്സിഡി |
| ആകെ | | 9,33,955 | |

2017-18 വർഷം ഏകവർഷ പ്രോജക്റ്റായി തുടങ്ങിയ പദ്ധതി മൂന്ന് വർഷംകൊണ്ടാണ് പൂർത്തീകരിക്കുന്നതിന് സാധിച്ചത്. മേൽ പട്ടികപ്പെടുത്തിയ 2018-19ലെ ചെലവിനെ കൂടാതെ 2019-20 വർഷത്തിൽ യൂണിറ്റിന്റെ വൈദ്യുതീകരണത്തിനായി ₹2,38,102/- ചെലവഴിച്ചിട്ടുള്ളതാണ്. 2017-18ൽ ചെലവഴിച്ച ₹14,79,537/- ഉൾപ്പെടെ നാളിതുവരെ ₹26,51,594/- പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളതാണ്. സെക്രട്ടറി 29-05-2019ന് സമർപ്പിച്ച 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ, അഞ്ച് വനിതകൾ ഉൾക്കൊള്ളുന്ന അമൃതം ആക്ടിവിറ്റി ഗ്രൂപ്പ് എന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്, കേരള കാർഷിക സർവ്വകലാശാല വഴി സൗജന്യ പരിശീലനം നേടി, ചക്ക വരട്ടിയത്, കുമ്പിളപ്പം, ചക്ക വറുത്തത്, ചക്ക അലുവ എന്നീ പരമ്പരാഗത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ചുവരുന്നു എന്നതാണ്. 21-12-2019ന് 2018-19 ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. 2017-18ൽ പദ്ധതിയ്ക്കായി ₹12,00,000/- ചെലവഴിച്ച് വാങ്ങിയ JACK FRUIT CHIPS UNIT,POWDER MILL, TRAY DRIER, SS Table, VIBRO SWIFTER എന്നീ ഉപകരണങ്ങളിൽ POWDER MILL, TRAY DRIER, VIBRO SWIFTER എന്നീ ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്ത അവസ്ഥയിലാണ്. ലക്ഷങ്ങൾ മുടക്കി വാങ്ങിയ ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച പരിജ്ഞാനം യൂണിറ്റിന്റെ നടത്തിപ്പുകാരായ അമൃതം ആക്ടിവിറ്റി ഗ്രൂപ്പിലെ അഞ്ച് വനിതകൾക്കും ഇല്ല എന്നതാണ് അവരിൽ നിന്നും അറിഞ്ഞത്. ആയതിനാൽ നിലവിൽ ഈ ഉപകരണങ്ങൾ നിഷ്ക്രിയാസ്തിയായി യൂണിറ്റ് കെട്ടിടത്തിൽ കിടക്കുന്നു. 2017-18 വർഷത്തിൽ ആർജ്ജിച്ച ഈ ഉപകരണങ്ങളുടെ വാറന്റി അടക്കമുള്ള സേവന സാധ്യതകൾ രണ്ടു വർഷക്കാലംകൊണ്ട് നഷ്ടപ്പെട്ടിരിക്കും. മേൽ പരാമർശിച്ച സെക്രട്ടറിയുടെ കത്തിൽ നിന്നും പരമ്പരാഗത രീതിയിലുള്ള വിഭവങ്ങൾ ഉണ്ടാക്കുന്നതിന് ഇത്തരം ഉയർന്ന സാങ്കേതികവിദ്യയുള്ള ഉപകരണങ്ങൾ ആവശ്യമില്ലാത്തതാണെന്ന് മനസ്സിലാക്കാവുന്നതാണ്.

2. 2018-19 വർഷത്തിൽ മേൽ പട്ടികപ്പെടുത്തയ പ്രകാരം ₹2,41,955/-താഴെ പറയുന്ന ഉപകണങ്ങൾ വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം. | ഉപകരണത്തിന്റെ വിവരം | എണ്ണം |
|---|---|---|
| 1 | 200 Kg. ഹിൻഡാലിയം ഉരുളി | 2 |
| 2 | 150 Kg. ഹിൻഡാലിയം ഉരുളി | 3 |
| 3 | ചട്ടുകം SS | 6 |
| 4 | ചട്ടുകം എടത്തരം | 6 |
| 5 | ചട്ടുകം ചെറുത് | 4 |
| 6 | S ജാർ | 2 |
| 7 | SS ചെരുവം 2A | 2 |
| 8 | SS ചെരുവം M | 2 |
| 9 | തവി SS | 5 |
| 10 | SS ടീസ്പൂൺ | 15 |
| 11 | SS ബക്കറ്റ് | 4 |
| | | |

| | | |
|---|---|---|
| 12 | M കത്തി | 5 |
| 13 | വെട്ടുകത്തി | 3 |
| 14 | പ്ലാസ്റ്റിക് കൊട്ട | 4 |
| 15 | ചോപ്പിംഗ് ബോർഡ് | 3 |
| 16 | ഫ്രീസർ 600ലിറ്റർ | 2 |
| 17 | വാക്വം പാക്കിംഗ് മെഷീൻ | 1 |
| 18 | സ്റ്റൗ | 2സെററ് |
| 19 | സ്റ്റൗ (ചെറുത്) | 2സെററ് |

മേൽ പറഞ്ഞ ഉപകരണങ്ങളിൽ വലിയ ഉരുളി ഉൾപ്പെടയുള്ള പലതും ഉപയോഗിക്കാതെ ചക്ക സംഭരണ കേന്ദ്രം കെട്ടിടത്തിന്റെ ഒരു മൂലയിൽ കൂട്ടിയിട്ടിരിക്കുന്നതായാണ് നിലവിൽ കാണുന്നത്.

ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ ഉല്പാദിപ്പിക്കാനുദ്ദേശിക്കുന്ന ഉല്പന്നം, ആ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സാങ്കേതിക പരിജ്ഞാനം എന്നിവ പരിഗണിക്കാതെ യാതൊരു മുൻധാരണയുമില്ലാതെ പദ്ധതി പണത്തിൽ നിന്നും വൻ തുക മുടക്കി ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്ന നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

പദ്ധതിയിൽ വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം സംരംഭം നടത്തിവരുന്ന സംഘാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കർഷകർക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിൽ ചക്ക സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

# 1-22 ഐ.എ.വൈ. പദ്ധതിയുടെ അവലോകനം

**പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ. പദ്ധതിയുടെ അവലോകനം താഴെ ചേർക്കുന്നു.**

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | അനുവദിക്കുന്നതിന് ലക്ഷ്യമിട്ടത് | അനുവദിച്ചത് | | | പൂർത്തീകരിച്ചത് | | | പൂർത്തീകരിക്കാത്തത് |
|---|---|---|---|---|---|---|---|---|---|
| | | | S.C | ജനറൽ | ആകെ | S.C | ജനറൽ | ആകെ | |
| 1 | ചേലക്കര | 19 | 5 | 9 | 14 | 3 | 8 | 11 | 3 |
| 2 | കൊണ്ടാഴി | 9 | 4 | 4 | 8 | 4 | 3 | 7 | 1 |
| 3 | പഞ്ഞാൾ | 58 | 21 | 25 | 46 | 20 | 24 | 44 | 2 |
| 4 | പഴയന്നൂർ | 55 | 11 | 20 | 31 | 11 | 19 | 30 | 1 |
| 5 | തിരുവില്വാമല | 81 | 27 | 34 | 61 | 22 | 33 | 55 | 6 |
| 6 | വള്ളത്തോൾനഗർ | 38 | 2 | 15 | 17 | 1 | 13 | 14 | 3 |
| ആകെ | | 260 | 70 | 107 | 177 | 61 | 100 | 161 | 16 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിച്ച ഭവനങ്ങളിൽ 16 എണ്ണം ഇനിയും പൂർത്തീകരിക്കുന്നതിനായിട്ടുണ്ട്, ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. ഈ കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 ലൈഫ് ഭവനപദ്ധതി - മുൻ ഭവന നിർമ്മാണ പദ്ധതികളിലെ പൂർത്തീയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം- ആനുപാതികവർദ്ധനവിനേക്കാൾ അധികമായി തുക അനുവദിച്ചു

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിവിധ വർഷങ്ങളിൽ ഐ.എ.വൈ ഭവനപദ്ധതിക്കായി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ഭവനപദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 2017-18, 2018-19എന്നീ സാമ്പത്തികവർഷങ്ങളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തുകകൾ അനുവദിച്ചിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണ ധനസഹായം 4,00,000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ മുൻവർഷങ്ങളിൽ ധനസഹായമായി അനുവദിച്ച തുകയ്ക്ക്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25-04-2018-ലെ എൽ.എഫ്.2/511/2017 നമ്പർ കത്ത്, 25-04-2018-ലെ തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 336/ ഡി.ബി.1/18/തസ്വഭവ നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ആനുപാതികവർദ്ധനവ് കണക്കാക്കി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരത്തിൽ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആനുപാതിക വർദ്ധനവ് കണക്കാക്കി നല്കിയപ്പോൾ അധികതുക അനുവദിച്ചതായി 2017-18ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:3-15 രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അത്തരത്തിൽ അധികതുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താക്കൾക്ക് ആനുപാതിക വർദ്ധനവ് കണക്കാക്കി നല്കിയതു സംബന്ധിച്ച് തയ്യാറാക്കിയ വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പട്ടികപ്പെടുത്തിയ ഗുണഭോക്താക്കൾക്കുകൂടി അധിക ധനസഹായം അനുവദിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു വിശദാംശം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വർഷം | നാളിതു വരെ അനുവദിച്ചത് (ഐ.എ.വൈ) | ഇനി നൽകാനുള്ളത് (ആനുപാതിക വർദ്ധനവ് അനുസരിച്ച്) | ലൈഫിൽ ഉൾപ്പെടുത്തി അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| ജാനകി രാമൻ, കരാർകുളമ്പ് വീട്, ചേലക്കര (വിതരണ രജി.പേജ് നം.103) | 2015-16 | 1,79,500 | 1,60,680* | 2,40,666 | 79,986 |
| ഷൈബി വിൽസൺ തട്ടുക്കാശ്ശേരി വീട്, | 2015-16 | 1,39,500 | 2,14,000** | 2,20,500 | 6,500 |

| | | | | | |
|---|---|---|---|---|---|
| കൊണ്ടാട്ടുപ്പാടം, എളനാട് (വിതരണ രജി. പേജ് നം.199) | | | | | |

*ജാനകി രാമൻ, കരാർകുളമ്പ് വീട്, ചേലക്കര എന്നവർക്ക് അധികമനുവദിച്ച തുകയുടെ വിശദാംശം താഴെചേർക്കുന്നു

| | |
|---|---|
| മുൻവർഷ ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം അനുവദിച്ച തുക | ₹179500 |
| 25-04-2018-ലെ എൽ.എഫ്.2/511/2017 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ₹3ലക്ഷത്തിന് ആനുപാതികമായ തുക | 179500/ 300000) X100 =59.83% |
| ആനുപാതികമായി ബാക്കി നല്കാനുണ്ടായിരുന്ന തുക | 100-59.83%=40.17% |
| ആയതിന്റെ അടിസ്ഥാനത്തിൽ ₹4ലക്ഷത്തിന് ആനുപാതികമായി ബാക്കി അനുവദിക്കാവുന്ന തുക | 400000X40.17%=160680 |
| വിതരണ രജി.പേജ് നം.103 പ്രകാരം നല്കിയ തുക | 240666 |
| അധികം നല്കിയ തുക | 240666-160680=79986 |

ജാനകി രാമൻ, കരാർകുളമ്പ് വീട്, ചേലക്കര എന്നവരിൽ നിന്ന് അധികമനുവദിച്ച തുക ₹80,000/- തിരിച്ചുപിടിച്ചതായി വിതരണ രജി. പേജ് 103-ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്താതാണ്. ആയത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**ഷൈബി വിൽസൺ തട്ടുക്കാശ്ശേരി വീട്, കൊണ്ടാട്ടുപ്പാടം, എളനാട് എന്നവർക്ക് അധികമനുവദിച്ച തുകയുടെ വിശദാംശം താഴെചേർകക്കുന്നു

| | |
|---|---|
| മുൻവർഷ ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം അനുവദിച്ച തുക | ₹1,39,500 |
| 25-04-2018-ലെ എൽ.എഫ്.2/511/2017 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ₹3ലക്ഷത്തിന് ആനുപാതികമായ തുക | (1,39,500/300000)X100 =46.50% |
| ആനുപാതികമായി ബാക്കി നല്കാനുണ്ടായിരുന്ന തുക | 100-46.50%=53.50% |
| ആയതിന്റെ അടിസ്ഥാനത്തിൽ ₹4ലക്ഷത്തിന് ആനുപാതികമായി ബാക്കി അനുവദിക്കാവുന്ന തുക | 400000X53.5%=2,14,000 |
| വിതരണ രജി.പേജ് നം.199 പ്രകാരം നല്കിയ തുക | 2,20,500 |
| അധികം നല്കിയ തുക | 2,20,500-2,14,000=6,500/- |

അധികമനുവദിച്ച തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

# 1-24 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും ഫണ്ട് വകയിരുത്തിയതിലും അപാകതകൾ

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും ആവശ്യമായ ഫണ്ട് വകയിരുത്തുന്നതും സംബന്ധിച്ച് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി മാർഗ്ഗരേഖ എന്നിവയിൽ നിർദ്ദേശങ്ങളുള്ളതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നതും. തൻവർഷം എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകതകൾ സംഭവിച്ച പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**1. ആവശ്യത്തിൽ കൂടുതൽ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി**

പ്രൊജക്റ്റ്നം/പേര്: 122/19,വല്ലങ്ങിപ്പാറ കുടിവെള്ളപദ്ധതി പൂർത്തീകരണം

വകയിരുത്തിയ തുക: ₹700000(എസ്.സി.പി.)

സാങ്കേതികാനുമതി : 1188868/15.9.18;700000

കരാറുകാരൻ : ഹക്കീം. എൻ.

കരാർ നം : 26/AE/LSGD/PZR/1.11.2018

ചെലവഴിച്ച തുക:ട്ര.ബി.നം.27/21.03.2019:₹48000

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 1601.2 പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

വിശദമായ സൈറ്റ് പരിശോധനക്ക് ശേഷം പ്രവൃത്തിയുടെ ഡിസൈൻ, സ്പെസിഫിക്കേഷൻ, സാധനങ്ങളുടേയും സേവനങ്ങളുടേയും ലഭ്യത, തൊഴിലാളികളുടെ കൂലി എന്നിവ പരിഗണിച്ചാണ് മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ചെലവ് കൃത്യമായി കണക്കാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. അംഗീകരിക്കപ്പെട്ട ഡിസൈൻ, ലേ ഔട്ട്, നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്, ഡാറ്റ എന്നിവ അടിസ്ഥാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

ഈ പ്രൊജക്റ്റിന് 700000 രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതും സാങ്കേതികാനുമതി ലഭിച്ചിരുന്നതും. വികസന ഫണ്ട് (എസ്.സി.പി.) യിൽ നിന്നും 700000 രൂപ വകയിരുത്തിയിരുന്നു. ഇ-ടെണ്ടർ മുഖേന ഹക്കീം എൻ. എന്ന കരാറുകാരനുമായി 497240 രൂപക്ക് കരാറിലും ഏർപ്പെട്ടിരുന്നു. 1900 മീറ്ററോളം പൈപ്പ് ലൈൻ ദീർഘിപ്പിക്കാനും മുപ്പതോളം വീടുകളിലേക്ക് കണക്ഷൻ നൽകാനുമായിരുന്നു പ്രൊജക്റ്റിൽ ഉദ്ദേശിച്ചിരുന്നത്. പിന്നീട് എസ്റ്റിമേറ്റ് 60000രൂപയാക്കി പുതുക്കിയിട്ടുണ്ട്. 111 മീറ്റർ ദീർഘിപ്പിക്കലും 35 വീട്ടുകൺക്ഷൻ നൽകുന്ന പ്രവൃത്തികളും മാത്രമാണ് നിർവ്വഹിച്ചത്. അതനുസരിച്ച് അന്തിമ ബിൽ പ്രകാരം ₹48000 യാണ് ചെലവ്. അന്തിമ വകയിരുത്തൽ ₹48000യാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതായി കാണുന്നുമില്ല.

മരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പാലിച്ചിട്ടില്ലെന്ന് മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാണ്. ഇത് അധിക തുക വകയിരുത്തുന്നതിനും പ്രൊജക്ട് ഭേദഗതി വരുത്തുന്നതിനും ഇടയാക്കി.

**2. എസ്റ്റിമേറ്റ് തയ്യാറാക്കിയത് പൂർണ്ണമല്ല**

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ 29.01.2018 ലെ സ.ഉ.(കൈ) നം.11/2018/ തസ്വഭവ,യിലെ ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിടനിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം,അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ടായിവേണം നടപ്പാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി തൻവർഷം നടപ്പാക്കിയ പ്രൊജക്ടുകളിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം/പേര് | അടങ്കൽ | ട്ര.ബി. നം/ തുക/തിയതി | കുറിപ്പുകൾ |
|---|---|---|---|---|
| 1. | പ്രൊ.നം.50/19, മാണിയങ്കാട്ട് കോളനി സാംസ്കാരികനിലയം | 500000 | ട്ര.ബി.നം. 31/21.03.2019: ₹485849 | ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവക്ക് തുക വകയിരുത്തിയിട്ടില്ല |
| 2. | പ്രൊ.നം.90/19, പുന്നത്തടം കോളനി സാംസ്കാരികനിലയം | 500000 | ട്ര.ബി.നം. 47/29.03.2019: ₹200000 | ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവക്ക് തുക വകയിരുത്തിയിട്ടില്ല |

ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവ നിർവ്വഹിക്കാത്തത് മൂലം മേൽ പറഞ്ഞ സാംസ്കാരികനിലയങ്ങൾ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല.

**3. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കാതെ പാതിവഴിയിൽ അവസാനിപ്പിച്ചു**

പ്രൊ.നം/പേര്: 90/19, പുന്നത്തടം കോളനി സാംസ്കാരികനിലയം

വകയിരുത്തിയ തുക: ₹ 500000(എസ്.സി.പി.)

ചെലവഴിച്ച തുക: ട്ര.ബി.നം.47/29.03.2019: ₹200000

സാങ്കേതികാനുമതി : 59888/30.6.18;₹500000

കരാറുകാരൻ : ഫായിസ്. എം.

കരാർ : 48/AE/LSGD/PZR/30.1.2019;₹500000

മേൽ പറഞ്ഞ പ്രൊജക്ടിന് 500000 രൂപയായിരുന്ന എസ്റ്റിമേറ്റ് . ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ശ്രീ.ഫായിസ്. എം. എന്ന കരാറുകാരനുമായി 498856 രൂപക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. പിന്നീട് തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതായി കാണുന്നില്ല. മാത്രമല്ല പുതുക്കിയ എസ്റ്റിമേറ്റിലെ 16 ഇനങ്ങൾ നിർവ്വഹിക്കാതെ 200000 രൂപയുടെ പ്രവൃത്തി മാത്രം നിർവ്വഹിച്ച് അന്തിമബിൽ നൽകിയിട്ടുമുണ്ട്.
ഉത്തരവ് നം സ.ഉ.(കൈ) നം.11/2018/തസ്വഭവ തിയതി 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ

ഖണ്ഡിക 3.5.3(1) പ്രകാരം ഏറ്റെടുത്ത വർഷത്തിൽ ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം നടത്താൻ കഴിയാത്ത പ്രൊജക്ടുകളെ അടുത്ത വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടുകളായി പരിഗണിച്ച് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ അതിന് പകരം അന്തിമ ബിൽ നൽകുകയാണ് ചെയ്തിരിക്കുന്നത്. പൂർത്തീകരണത്തിന് സ്പിൽ ഓവർ പ്രൊജക്ടിന് പകരം പുതിയ പ്രൊജക്ട് തയ്യാറാക്കുന്നത് അധിക ചെലവിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലേക്കും പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.6/21.12.2019-മറുപടി ലഭ്യമാക്കിയില്ല)

# 1-25 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വനിത വ്യവസായ എസ്റ്റേറ്റ് പ്രവർത്തനക്ഷമമല്ല

ചേലക്കര വില്ലേജിലുള്ള സർവ്വെ നം.469/2 ലുള്ള ഭൂമിയിൽ തൻവർഷം 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഒരു വനിത വ്യവസായ എസ്റ്റേറ്റ് നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./ പേര്/അടങ്കൽ | കരാറുകാരൻ/ കരാർ നം. | ട.ബി.നം./ തീയതി | ചെലവഴിച്ച തുക₹ |
|---|---|---|---|---|
| 1. | 76/19;വനിത വ്യവസായ എസ്റ്റേറ്റ്/ ₹3247700 | കെ.എം.അബ്ബാസ് | 39/28.3.18 (2017-18) | 1449173 |
| | | | 1/31.8.18 | 1139075 |
| 2. | 87/19;വനിത വ്യവസായ എസ്റ്റേറ്റ് പൂർത്തീകരണം | കെ.എം.അബ്ബാസ് | 9/4.12.18 | 638803 |
| | ഇലക്ട്രിഫിക്കേഷൻ | ഷാജു.എം.ടി. | 10/17.12.18 | 218065 |
| ആകെ | | | | 3445116 |

2017-18 ൽ ആരംഭിച്ച വനിത വ്യവസായ എസ്റ്റേറ്റ് എന്ന ഈ പ്രൊജക്ട് 2018-19 ൽ സ്പിൽ ഓവർ ആയി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൂർത്തീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഇലക്ട്രിഫിക്കേഷനുമായി ഒരു പുതിയ പ്രൊജക്ട് 2018-19 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റിനോടനുബന്ധിച്ച് 21.12.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ വനിതാ വ്യവസായ കേന്ദ്രത്തിൽ വ്യവസായങ്ങളൊന്നും ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമായി. വ്യവസായ കേന്ദ്രം താഴിട്ട് പൂട്ടിയിട്ട നിലയിലാണ്. 35 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച വ്യവസായകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വ്യവസായകേന്ദ്രം നിർമ്മിച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ചേലക്കര വില്ലേജ് ഓഫീസർ നൽകിയ 6.6.17 ലെ കത്തിൽ BTRകാലപ്പഴക്കം മൂലം കേടുവന്നു പോയതിനാൽ വിവരങ്ങൾ

ലഭ്യമല്ലെന്നാണ് പറയുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത ഭൂമിയും കെട്ടിടവും ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

(21.12.2019 ലെ സ്ഥലപരിശോധന റിപ്പോർട്ട്)

# 1-26 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു

പ്രൊജക്ട് നം./പേര് : 74/19,ഫിസിയോ തെറാപ്പി സെന്റർ-പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ

അടങ്കൽ : ₹636850(വികസനഫണ്ട്)

ചെലവഴിച്ച തുക : ട.ബി.നം.5/31.7.18; ₹524583

ഒരു പുതിയ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റാണ് ആദ്യം തയ്യാറാക്കിയിരുന്നത്. പിന്നീട് ഒരു കെട്ടിടത്തിന്റെ മുകളിൽ ഹാളും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ കീഴിൽ അദ്ധ്യാപകർക്ക് പരിശീലനവും അക്കാദമിക് പിന്തുണയും നടത്തിവരുന്ന ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രവർത്തിച്ച വരുന്ന കെട്ടിടത്തിന്റെ മുകളിലാണ് പ്രസ്തുത ഫിസിയോ തെറാപ്പി സെന്റർ നിർമ്മിച്ചിരിക്കുന്നതെന്ന് 21.12.19 ന് നടത്തിയ ഭൗതിക പരിശോധനയിൽ കാണപ്പെട്ടു. യഥാർത്ഥത്തിൽ ബ്ലോക്ക് റിസോഴ്സ് സെന്ററിന് ഒരു ഹാൾ നിർമ്മിച്ച കൊടുക്കു കയാണ് ചെയ്തിരിക്കുന്നത്. ഫിസിയോ തെറാപ്പി ചെയ്യാൻ വരുന്നവർക്ക് ഗോവണി കയറി മുകളിലത്തെ നിലയിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുമെന്നതിനാൽ റിസോഴ്സ് സെന്ററിന്റെ താഴത്തെ നിലയിലെ രണ്ട് മുറികൾ ഹാളിന് പകരമായി ഫിസിയോ തെറാപ്പി ചെയ്യാൻ വിട്ടു നൽകിയതായി അധികൃതർ അറിയിച്ചു. എന്നാൽ ഇത്തരമൊരു ക്രമീകരണം സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായില്ല.

പ്രവൃത്തി നടത്തിയ ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ കെട്ടിടം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. മറ്റൊരു സ്ഥാപനത്തിന്റെ കെട്ടിടത്തിൽ പ്രവൃത്തി ചെയ്യാൻ പ്രസ്തുത സ്ഥാപനത്തിന്റെ സമ്മതപത്രമോ പ്രത്യേക സർക്കാർ ഉത്തരവോ ലഭ്യമായിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4 -ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ സർക്കാർ വ്യവസായ പരിശീലനസ്ഥാപനങ്ങളുടെ നടത്തിപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുജനാരോഗ്യമേഖലയിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യകേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തലും ഉൾപ്പെടുന്നു. എന്നാൽ മേൽ പ്രൊജക്ടിൽ നിർവ്വഹിച്ച പ്രവൃത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടുന്നില്ല.

മേൽ പറഞ്ഞ സാഹചര്യത്തിൽ വ്യക്തമായ സർക്കാർ ഉത്തരവോ അനുമതിയോ ലഭ്യമാക്കുന്നത് വരെ ₹524583 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(21.12.19 ലെ സ്ഥലപരിശോധന റിപ്പോർട്ട്)

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന

# ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)**
**പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2)**
**പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 03.09.2019 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി 1)1298/19/ തീയതി.11.10.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്കുപ്രകാരം സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിനായി വിവിധ സ്ഥാപനങ്ങളിൽ നിന്നും തുകകൾ ലഭിച്ചതായും B-4 ഷെഡ്യൂളിൽ ബാലൻസ് തുക നീക്കിയിരിപ്പുള്ളതായും കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെയും വിനിയോഗിച്ച തുകകളുടെയും കൃത്യമായ വിവരം തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ

# തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുകയോ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകുകയോ ചെയ്തിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ, മുൻബാക്കിയുടെ വിനിയോഗമോ ഇല്ല.

# 4-6 സ്ഥിര നിക്ഷേപം

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം 599870/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി രജിസ്റ്റർ, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളുടെ വിവരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112874321 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124868312 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,06,44,972 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 87,51,200 | 39,78,263 - ശ്രീ.ജോസഫ് ജോൺ(I/C),<br>47,72,937 - ശ്രീമതി.ജ്യോതി.പി.ബിന്ദു<br>കൃഷി അസി.ഡയറക്ടർമാർ |
| 1-13(1) | 52,00,000 | ശ്രീമതി.സിനി.ടി.ഡി, എസ്.സി.ഡി.ഓ |
| 1-13(2) | 13,92,880 | |
| 1-14 | 1,28,39,951 | 12,00,000 –തങ്കം വർഗ്ഗീസ്, സെക്രട്ടറി(I/C)<br>1,16,39,951 – ദിവ്യ കുഞ്ഞുണ്ണി, സെക്രട്ടറി |
| 1-19 | 19,36,358 | 797283 - വിപിൻദാസ്, അസി.എഞ്ചിനീയർ,<br>1139075 - ജോയ് മുരിങ്ങാത്തേരി,<br>അസി.എക്സി.എഞ്ചിനീയർ |
| 1-26 | 5,24,583 | വിപിൻദാസ്, അസി.എഞ്ചിനീയർ |
| ആകെ | 3,06,44,972 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോസഫ് ജോൺ, കൃഷി അസി.ഡയറക്ടർ(I/C) | കൃഷി ഓഫീസർ, കൃഷിഭവൻ, പഴയന്നൂർ | തേറാട്ടിൽ വീട്, മുണ്ടത്തിക്കോട്വെസ്റ്റ്.പി.ഒ, തൃശ്ശൂർ |
| | | |

| | | |
|---|---|---|
| ശ്രീമതി.ജ്യോതി.പി.ബിന്ദു, കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ, മതിലകം | വടക്കേടത്ത് വീട്, നാട്ടിക.പി.ഒ, തൃശ്ശൂർ |
| ശ്രീമതി.സിനി.ടി.ഡി, എസ്.സി.ഡി.ഓ | എസ്.സി.ഡി.ഓ, പഴയന്നൂർ ബ്ലോക്ക് | അരിമ്പൂർ വീട്, കണ്ടലിയൂർ.പി.ഒ, തൃശ്ശൂർ. |
| തങ്കം വർഗ്ഗീസ്, സെക്രട്ടറി (I/C) | ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ് ), ബ്ലോക്ക് ഓഫീസ്, പഴയന്നൂർ | തങ്കം വർഗ്ഗീസ്, മഠത്തിക്കുന്നത്ത് വീട്, കട്ടിലപ്പൂവ്വം, തൃശ്ശൂർ |
| ദിവ്യ കുഞ്ഞുണ്ണി, സെക്രട്ടറി | സെക്രട്ടറി, പഴയന്നൂർ ബ്ലോക്ക് | തട്ടാൻ വീട്, കൊടകര, തൃശ്ശൂർ |
| വിപിൻ ദാസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പഴയന്നൂർ ബ്ലോക്ക് | ശ്രീവത്സം, അയ്യപ്പൻപറമ്പിൽ വീട്, മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ |
| ജോയ് മുരിങ്ങാത്തേരി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴയന്നൂർ ബ്ലോക്ക് | മുരിങ്ങാത്തേരി വീട്, മേപ്പാടം, തൃശ്ശൂർ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ടി 10-66/04/ തീ.15.03.04/28.06.04 |
| 97-98 മുതൽ 2001-02വരെ(ജനകീയാസൂത്രണം) | എൽ എഫ് ടി (ബി.പി) 33/12/ തീ.02.03.12 |
| 97-98, 98-99,99-2000, 2000-01, 01-02, 02-03, 03-04 | |
| 2004-05 | എൽ എഫ് ടി 21-2436/07, തീ.27-12-08 |
| 2005-06 | എൽ.എഫ്.ടി.21-2437/07, 27-12-08/ 15.04.09 |
| 2006-07 മുതൽ 2010-11 | എൽ എഫ് ടി(ബി.പി)1659/12 തീ 15.12.12 /27.03.13 |
| 2011-12 | എൽ എഫ് ടി(ബി.പി)2138/2013 തീ 07.02.14 /14.03.14 |
| 2012-13 | എൽ.എഫ്.ടി(ബി.പി)1552/2014 തീ.12.01.15 /06.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ |

| | |
|---|---|
| | (ബിപി)1180/15<br>തീയതി 12.10.15/21.10.15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ<br>(ബിപി1) 380/17 തീയതി 24.3.17 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ<br>(ബിപി.1)1752/2017<br>തീയതി: 11.12.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ<br>(ബിപി.1)124/2019<br>തീയതി: 12.03.2019 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ജോയിന്റ് ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ